പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.1092.

20.1.2014 - ൽ

മറുപടിക്ക്.

**അസാപ് പദ്ധതി**

**ചോദ്യം**

**മറുപടി**

ശ്രീ. ഷാഫി പറമ്പിൽ .
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി.
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ.
ശ്രീ.ആർ.സെൽവരാജ് .

ശ്രീ.പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ;<br>ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ; | എ) & ബി) ഉണ്ട്. വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനായി പൊതു - ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി. ഈ പദ്ധതി ലക്ഷ്യമാക്കുന്നത് ഹയർസെക്കന്ററി -ബിരുദതല വിദ്യാർത്ഥികളെയാണ്. പഠനത്തോടൊപ്പം വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യം നൽകുന്നതാണ് പദ്ധതി. 2012-13 ൽ 102 സ്ഥാപനങ്ങളിലായി 3200 വിദ്യാർത്ഥികൾക്കും 2013-14 ൽ 450 സ്ഥാപനങ്ങളിലായി 15000 കുട്ടികൾക്കും തൊഴിൽ പരിശീലനം നൽകിവരികയാണ്. |
| സി) വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | സി) വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും ഐ.ടി.യിലും കൂടാതെ തിരഞ്ഞെടുക്കപ്പെട്ട ഇരുപതോളം സെക്ടറുകളിൽ ഏതെങ്കിലുമൊരു തൊഴിൽ മേഖലയിൽ നൈപുണ്യം ലഭിക്കുന്ന തരത്തിലാണ് കോഴ്സിന്റെ ഘടന രൂപപ്പെടുത്തിയിരിക്കുന്നത്. |

ഡി) ഏതെല്ലാം വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ; വിശദമാക്കുമോ ?

ഡി) ഹയർസെക്കന്ററിതലത്തിലും ബിരുദതലത്തിലുമുള്ള വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുക. പ്രൊഫഷണൽ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിന് ലക്ഷ്യംവയ്ക്കാത്ത വിദ്യാർത്ഥികൾക്കാണ് മുൻഗണന നൽകുന്നത്.

സെക്ഷൻ ഓഫീസർ.